അരിവില വർദ്ധനവു്

* 310. [29] ശ്രീ. സി. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിലെ അരിവില വർദ്ധനവു് തടയാൻവേണ്ടി കൂടുതൽ അരി നൽകുവാൻ കേന്ദ്രഗവണ്മെൻറിനോടപേക്ഷിച്ചിരുന്നോ; എപ്പോൾ ;

(ബി) ഉണ്ടെങ്കിൽ ഫലമെന്തു് ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്):

(എ) അരിവിലവർദ്ധനവു തടയാൻ സംസ്ഥാനത്തെ ന്യായവിലഷാപ്പുകൾവഴി കൂടുതൽ അരി വിതരണം നടത്തുന്നതിനുവേണ്ടി കൂടുതൽ അരി നൽകാൻ കേന്ദ്രഗവണ്മെൻറിനോടു് 30–11–1963–ൽ ആവശ്യപ്പെട്ടു.

(ബി) 22–12–1963 മുതൽ രണ്ടാഴ്ചക്കാലത്തേക്കു് സംസ്ഥാനത്തെ ന്യായവിലഷാപ്പുകൾവഴി കാർഡൊന്നിനു് രണ്ടിടങ്ങഴി അരി വീതം വിതരണം ചെയ്യുന്നതിനു് 5,000 ടൺ അരി സ്പെഷ്യൽ കോട്ടയായി കേന്ദ്രഗവണ്മെൻറിൽനിന്നും അനുവദിച്ചുകിട്ടുകയും അതനുസരിച്ചു് അരിവിതരണം നടത്തുകയും ചെയ്തു.

പാകിസ്ഥാൻകാർ

* 311. [30] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര പാകിസ്ഥാൻകാർ ഇപ്പോൾ താമസിക്കുന്നുണ്ടു് ;

(ബി) ഇതിനിടെ ചൊക്ലി പോലീസു് സംശയിച്ചു് ഒരാളെ അറസ്റ്റു ചെയ്തിട്ടുണ്ടോ ; എങ്കിൽ അയാൾ പാകിസ്ഥാൻ പൗരനാണോ;

(സി) കാലാവധി കഴിഞ്ഞിട്ടും പാകിസ്ഥാനിലേക്കു് പോകാത്ത പാകിസ്ഥാൻ പൗരന്മാർ വല്ലവരും ഈ സ്റ്റേറ്റിൽ ഉണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 359.

(ബി) പാകിസ്ഥാനിയാണെന്നു സംശയിച്ച ചൊക്ലി പോലീസു് സ്റ്റേഷൻ അതിർത്തിക്കുള്ളിൽവച്ചു പുല്ലൂക്കരയിലെ പി. കെ. മൊയ്തീൻകുട്ടി എന്നൊരാളെ തലശ്ശേരി സർക്കിൾ ഇൻസ്പെക്ടർ 15–12–1963–ൽ അറസ്റ്റു ചെയ്തു. എന്നാൽ കൂടുതൽ അന്വേഷണത്തിൽ അയാൾ പാകിസ്ഥാനിയാണെന്നുള്ളതിനു് ആവശ്യമായ തെളിവു ഇല്ലെന്നു ബോദ്ധ്യമായതിനാൽ 31–12–1963-ൽ മേൽ നടപടികൾ വേണ്ടെന്നുവച്ചു.

(സി) നാല്പതു പേർ ഉണ്ടു്. അവരുടെ മേൽ നിയമാനുസൃതമായ നടപടികൾ എടുത്തു വരികയാണു്.

ക്ഷയരോഗികൾക്കു് സഹായധനം നൽകുന്നതിനുള്ള പദ്ധതി

* 312. [31] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷയരോഗികൾക്കു് സഹായധനം നൽകുന്ന പദ്ധതി അനുസരിച്ചുള്ള എത്ര അപേക്ഷകൾ ഇതിനകം കിട്ടിയിട്ടുണ്ടു്;

(ബി) ഓരോ ഡിസ്ട്രിക്ടിലും എത്ര വീതം ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്ര പേർക്ക് ധനസഹായം നൽകി ;
(ഡി) അതിനെത്ര തുക ചെലവായി :

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) 5953 അപേക്ഷകൾ.

(ബി)

കണ്ണൂർ	228
തൃശ്ശൂർ	1612
എറണാകുളം	39
ആലപ്പുഴ	755
കോട്ടയം	1179
കോഴിക്കോട്	1454
പാലക്കാട്	102
കൊല്ലം	385
തിരുവനന്തപുരം	199

(സി, ഡി) 151 പേർക്ക് 6 മാസത്തേക്ക് പ്രതിമാസം 30 രൂപാ വീതം ഇതിനകം അനുവദിച്ചുകഴിഞ്ഞു. തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു.

UNSTARRED QUESTIONS AND ANSWERS

Works in Progress

47. [3] **Shri D. Damodaran Potti** : Will the Minister for Public Works be pleased to state :

(a) What are the works in progress during 1963-64 in the Kottarakara Sub-division ; and

(b) What are the works held over in this Sub-division due to emergency ?

Answer

(a & b) A list showing the names of works is appended. *

വില്ലേജ് ജീവനക്കാരുടെ ഗ്രഡേഷൻ

48. [4] ശ്രീ. ജോജ്ജ് ജോസഫ് പൊടിപ്പാറ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെൻറിലുള്ള വില്ലേജ് ജീവനക്കാരുടെ ഒരു ഗ്രഡേഷൻ ലിസ്റ്റ് തയ്യാറാക്കി ആവശ്യമായ പ്രമോഷനും സ്ഥിരപ്പെടുത്തലും ഉടനെ നടത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം.

തിരു–കൊച്ചിയിലെ എല്ലാ ജില്ലകളിലും വില്ലേജ് ജീവനക്കാരുടെ ഗ്രഡേഷൻ ലിസ്റ്റ് തയാറാക്കുന്ന ജോലികൾ നടന്നുകൊണ്ടിരിക്കുന്നു. ആവശ്യമായ പ്രമോഷനും സ്ഥിരപ്പെടുത്തലും ലിസ്റ്റ് തയാറാക്കിക്കഴിഞ്ഞാൽ നടത്തുന്നതാണ്. മലബാർ പ്രദേശത്തിലെ വില്ലേജ് തസ്തികകൾ സ്ഥിരപ്പെടുത്തുന്ന കാര്യം ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണ്. അതിനു ശേഷം വേണ്ട നടപടികൾ എടുക്കുന്നതാണ്.

* Appendix VI

LIBRARY ARCHIVES Kerala Legislative Assembly